(സി) ആ കാലത്തെ ശമ്പളബില്ല് സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തിയതാരാണ്;

(ഡി) ടിയാന് എങ്ങനെയാണ് അവിടെ നിയമനം ലഭിച്ചത്;

(ഇ) അവിടത്തേക്ക് ട്രാൻസ്ഫർ ചെയ്യുകയായിരുന്നെങ്കിൽ അദ്ദേഹത്തിനു നൽകിയ എൽ.പി.സി.-യിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഈയിനങ്ങളിലേക്ക് നടത്തിയ പിടിത്തത്തിന്റെ വിവരം കണക്കാക്കാൻ കഴിയുമോ എന്ന കാര്യം വ്യക്തമാക്കാമോ;

(എഫ്) ഈ തുകകൾ കിട്ടാത്തത് സംബന്ധിച്ച് 15-3-2005-ന് ബഹു. മന്ത്രിക്ക് നൽകിയ നിവേദനത്തിൻമേൽ എന്തു നടപടിയെടുത്തു;

(ജി) ശ്രീ. വി. കെ. ഫിലിപ്പിന് ലഭിക്കാനുള്ള ആനുകൂല്യങ്ങൾ അടിയന്തിര മായി ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) & (സി) കോട്ടയം ഗവൺമെന്റ് പോളിടെക്നിക്കിലെ 1978-82 കാലയള വിലെ എസ്.എൽ.എ., എഫ്.ബി.എസ്., ഗ്രൂപ്പ് ഇൻഷ്വറൻസ്, ശമ്പളബില്ല് മുതലാ യവയുടെ രജിസ്റ്ററുകൾ ചിതലരിച്ചു നശിച്ചുപോയതിനാൽ 9/83 മുതലുള്ള വിവര ങ്ങൾ മാത്രമേ ഇപ്പോൾ ലഭ്യമായിട്ടുള്ളൂ.

(ഡി) ട്രാൻസ്ഫർ മുഖേനയാണ് ശ്രീ. വി. കെ. ഫിലിപ്പിന് കോട്ടയം ഗവൺമെന്റ് പോളിടെക്നിക്കിൽ നിയമനം ലഭിച്ചത്.

(ഇ) എൽ.പി.സി. ട്രഷറിയിൽ സമർപ്പിച്ചിരുന്നു. പകർപ്പ് കണ്ടെടുത്ത് അതിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഈയിനങ്ങളിലേക്ക് നടത്തിയ പിടിത്തത്തിന്റെ വിവരങ്ങൾ കണക്കാക്കാൻ സാധിക്കുമോയെന്ന കാര്യം പരിശോധിച്ചുവരുന്നു.

(എഫ്) & (ജി) ഇക്കാര്യത്തിൽ സത്വര നടപടി സ്വീകരിക്കുന്നതാണ്.

തുടർ വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്ന പ്രേരക്മാർക്ക് ഓണറേറിയം

115 [698] *ശ്രീ. കെ. കെ. ജയചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുടർ വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്ന പ്രേരക്മാർക്ക് 2004 ഡിസംബറിനുശേഷം ഓണറേറിയം നൽകിയിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) തുടർ വിദ്യാഭ്യാസ പദ്ധതിയുടെ മൂന്നാമത്തെ പദ്ധതി വർഷത്തിനു ശേഷം കേന്ദ്രവിഹിതത്തിൽ സംഭവിക്കുന്ന കുറവ് പരിഹരിക്കുന്നതിനായി ആവശ്യമായ സാമ്പത്തിക സഹായം സാക്ഷരതാമിഷന് നൽകാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകുമോ;

(സി) പ്രേരക്മാരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) പി.എസ്.സി. മുഖേന സർക്കാർ ഉദ്യോഗത്തിന് അപേക്ഷിക്കുന്ന പ്രേരക്മാർക്ക് അവർ തുടർ വിദ്യാഭ്യാസ രംഗത്ത് ജോലി ചെയ്തിരുന്ന കാലയളവ് അടിസ്ഥാനമാക്കി പ്രായപരിധിയിൽ ഇളവ് നൽകാൻ നടപടി സ്വീകരിക്കുമോ;

(ഇ) സാക്ഷരതാമിഷനിൽ ഒഴിവു വരുന്ന തസ്തികകളിൽ നിയമനം നടത്തുമ്പോൾ പ്രേരക്മാർക്ക് മുൻഗണന നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി സാക്ഷരതാമിഷൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മൂന്നാമത്തെ പദ്ധതി വർഷത്തിനുശേഷം കേന്ദ്ര വിഹിതത്തിൽ സംഭവിക്കുന്ന കുറവ് പരിഹരിക്കുന്നതിനായി ആവശ്യമായ സാമ്പത്തിക സഹായം സാക്ഷരതാമിഷന് നൽകുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തണമെന്ന നിർദ്ദേശം ആസൂത്രണ-ധനകാര്യ വകുപ്പുകളുമായി ചേർന്ന് പരിശോധിച്ചുവരുന്നു.

(സി)—(ഇ) പ്രേരക്മാരുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ചിരിക്കുന്നത് ദേശീയ സാക്ഷരതാമിഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചാണ്. ഇതിൽ എന്തെങ്കിലും മാറ്റം വരുത്തുന്നതിന് സംസ്ഥാന സാക്ഷരതാമിഷന് പ്രായോഗികമായി ബുദ്ധിമുട്ടുണ്ട്. പ്രേരക്മാരുടെ ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള നിവേദനങ്ങൾ സാക്ഷരതാമിഷന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി പരിശോധിച്ച് ഉചിതമായ തീരുമാനങ്ങൾ എടുക്കുന്നതാണ്.

സ്വാശ്രയ പ്രൊഫഷണൽ എഞ്ചിനീയറിംഗ് കോളേജ് പ്രവേശനം

116 [699] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

GPM. 2/574/2012—20

LIBRARY ARCHIVES Kerala Legislative Assembly